"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കാവാലം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.സോണി ബി എൻ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 1289/ 2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2146/2023/LSGD തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-DED1(part1) നമ്പർ നടപടിക്രമം
2. ശ്രീ.സോണി ബി എൻ സമർപ്പിച്ച 06.07.2023-ലെ അപ്പീൽ അപേക്ഷ(അനക്ഷർ എ8 )
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 1289/ 2023 നമ്പർ കേസിന്മേലുള്ള 04.08.2023ലെ അന്തിമ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/09/2023 ലെ ഉത്തരവ്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023ലെ LSGD/PD/47495/2023-DEB 3 നമ്പർ റിപ്പോർട്ട്
6. 11.10.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 3ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റായിരുന്ന ശ്രീ.സോണി.ബി.എൻ-നെ നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്ഥലംമാറ്റിയ പരാമർശം (1) നടപടിക്കെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 1289/ 2023 നമ്പർ കേസിൽ, അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെയും, കേസ് ബാധിക്കാൻ സാധ്യതയുള്ള കക്ഷികളേയും നേരിൽ കേട്ടതിന് ശേഷം ആറാഴ്ചക്കുള്ളിൽ, നിയമാനുസൃതം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.സോണി.ബി.എൻ -നെ പൊതു സ്ഥലംമാറ്റത്തിൽ ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിലേയ്ക്കാണ് സ്ഥലംമാറ്റിയതെന്നും, കൊല്ലം ജില്ലാ നിവാസിയായ ടിയാൻ നട്ടെല്ലിലെ ട്യൂമർ സർജറിക്ക് വിധേയനായിട്ടുള്ളതാണെന്നും, കോവിഡാനന്തരമുണ്ടായ കടുത്ത പ്രമേഹത്തിനും രക്തസമ്മർദ്ദത്തിനും തുടർ ചികിത്സയിലാണെന്നും, താമസ സ്ഥലത്ത് നിന്നും ദിവസേന 88 കി.മീ അധികമുള്ള ജോലിസ്ഥലത്തേയ്ക്കുള്ള യാത്ര, ഇൻസുലിനെടുക്കുന്നതുൾപ്പെടെയുള്ള ചികിത്സയെ ബാധിക്കുമെന്നതിനാൽ ആരോഗ്യ പ്രശ്നവും, 31.05.2025-ൽ സേവനത്തിൽ നിന്ന് വിരമിക്കുമെന്നുള്ള പരിഗണനയും നൽകി കൊല്ലം ജില്ലയിലെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും പരാമർശം (2) പ്രകാരമുള്ള അപേക്ഷയിൽ അഭ്യർത്ഥിച്ചിരിക്കുന്നു.

3. ശ്രീ. സോണി. ബി. എൻ 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ആലപ്പുഴ ജില്ലയിൽ നാല്

സ്റ്റേഷനുകളും കൊല്ലം ജില്ലയിൽ 35 സ്റ്റേഷനുകളുമാണ് ഓപ്ഷൻ പ്രകാരം നല്കിയിരുന്നത് എന്നും, നിലവിലെ സ്റ്റേഷനിൽ ടിയാന് 4 മാസവും 19 ദിവസവുമാണ് സർവ്വീസ് കാലയളവ് എന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ 2023 ലെ സ്ഥലമാറ്റം ഐ. കെ. എം. സോഫ്റ്റ് വെയർ മുഖേനയാണ് നടപ്പാക്കിയത് എന്നും നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാർ സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യപ്പെട്ട സ്റ്റേഷനിൽ സ്ഥലംമാറ്റം ലഭിച്ചില്ല എങ്കിൽ നിലവിലെ സ്റ്റേഷനിൽ നിലനിർത്തുന്നതിനുള്ള അപേക്ഷ നൽകുന്നതിന് സോഫ്റ്റ് വെയറിൽ അവസരമുണ്ടായിരുന്നതാണ് എന്നും എന്നാൽ ശ്രീ. സോണി. ബി എൻ, പ്രസ്തുത ഓപ്ഷൻ വിനിയോഗിച്ചിട്ടില്ല എന്നും ആലപ്പുഴ ജില്ലയിലും കൊല്ലം ജില്ലയിലും ടിയാൻ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ടിയാന്റെ സ്റ്റേഷൻ സീനിയോരിറ്റി വച്ച് സ്ഥലമാറ്റ മാനദണ്ഡ പ്രകാരം അർഹതയില്ലാത്തതിനാലും നിലവിലെ സ്റ്റേഷനിൽ നിലനിർത്തണമെന്ന ഓപ്ഷൻ വിനിയോഗപ്പെടാത്തതിനാലുമാണ് സോണി. ബി. എൻ- ന് സോഫ്റ്റ് വെയർ മുഖേന ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിലേക്കു സ്ഥലം മാറ്റം ലഭിച്ചത് എന്നും ടിയാൻ സേവനത്തിലിരുന്ന കാവാലം പഞ്ചായത്തിലെ ഒഴിവിൽ ക്യൂ ലിസ്റ്റ് പ്രകാരം കാവാലം പഞ്ചായത്ത് ഓപ്ഷനായിട്ടുള്ള ശ്രീമതി അനിതക്ക് നിയമനം നൽകിയിട്ടുണ്ട് എന്നും പൊതുസ്ഥലമാറ്റ മാനദണ്ഡ പ്രകാരം വിരമിക്കലിന് 2 വർഷം മാത്രമുള്ളവർക്കു മാത്രമേ വിരമിക്കലിന് മുന്നോടിയായിട്ടുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നും ശ്രീ. സോണി. ബി.എൻ-ന്റെ വിരമിക്കൽ തിയതി 31/05/2025 ആണ് എന്നും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/09/2023 ലെ ഉത്തരവ് പ്രകാരം ശ്രീ.സോണി. ബി. എൻ- നെ ടിയാന്റെ മാതൃ ജില്ലയായ കൊല്ലത്തെ കുമ്മിൾ ഗ്രാമപഞ്ചായത്തിൽ സ്ഥലമാറ്റം അനുവദിച്ചുണ്ടെന്നും ശ്രീ. സോണി. ബി. എൻ- കുമ്മിൾ ഗ്രാമപഞ്ചായത്തിൽ 15/09/2023-ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ് എന്നും പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പരാമർശം (3) പ്രകാരം ശ്രീ. സോണി. ബി. എൻ-നെ നേരിൽ കേട്ട വേളയിൽ ടിയാൻ പുനർ സ്ഥലംമാറ്റം മുഖേന നിലവിൽ (15.09.2023 മുതൽ), സ്ഥലംമാറ്റത്തിന് ഓപ്ഷൻ നൽകിയിട്ടില്ലാത്ത കുമ്മിൾ ഗ്രാമപഞ്ചായത്തിലാണ് ജോലിചെയ്തുവരുന്നതെന്നും ആയത് താമസ സ്ഥലമായ തൃക്കരുവ പഞ്ചായത്തിൽ നിന്നും 65 കി.മീ. അകലെയായതിനാൽ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കപ്പെട്ടിട്ടില്ലെന്നും, ആയതിനാൽ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കും പ്രകാരമുള്ള ആരോഗ്യ പ്രശ്നങ്ങളും, 2025 മേയ് മാസം 31ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന എന്നതും കണക്കിലെടുത്ത് ഓപ്ഷൻ നൽകിയിരുന്നതിൻ പ്രകാരം കൊല്ലം ജില്ലയിൽ താമസ സ്ഥലത്തിനടുത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കോ അല്ലെങ്കിൽ ട്രെയിൻ യാത്രാസൗകര്യം പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ മാവേലിക്കര, താമരക്കുളം, ഭരണിക്കാവ്, കണ്ടല്ലൂർ, പത്തിയൂർ, എന്നിവിടങ്ങളിലേയ്ക്കോ സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്ന് അപേക്ഷിക്കുകയും ചികിത്സാ സംബന്ധമായ ആധികാരിക രേഖകൾ സമർപ്പിക്കുകയും ചെയ്തു.

5. ശ്രീ. സോണി.ബി.എൻ-ന്റെ അപേക്ഷ 11.10.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി പരിഗണിക്കുകയും, അപേക്ഷകന്റെ കടുത്ത പ്രമേഹം, രക്തസമ്മർദ്ദം ,ശസ്ത്രക്രിയയെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ, ദീർഘദൂര യാത്ര ചെയ്യുന്നതിലെ കഠിനമായ ബുദ്ധിമുട്ട്, സർവ്വീസ് കാലയളവിൽ മാതൃ ജില്ലയിലെ സേവനം തുലോം കുറവായിരുന്ന എന്ന വസ്തുത , സേവനത്തിൽ നിന്നും വിരമിക്കുന്നതിനുള്ള കാലയളവ് എന്നിവ പരിഗണിച്ച് ഇക്കാര്യത്തിൽ ഉദാര സമീപനം സ്വീകരിച്ച് മാനുഷിക പരിഗണന നൽകി ടിയാൻ ഓപ്റ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും സ്റ്റേഷനുകളിൽ പ്രത്യേകിച്ചും കൊല്ലം നഗരപരിധിയിലെയോ സമീപത്തെയോ സൗകര്യപ്രദമായ സ്റ്റേഷനിൽ ഇനി ഒഴിവുണ്ടാകുന്ന പക്ഷം ടിയാന് ആ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകുന്ന കാര്യം പരിഗണിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് നിർദ്ദേശം നൽകുന്നതിന് പരാമർശം (6) പ്രകാരം ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള അപ്പീൽ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , തദ്ദേശ സ്വയംഭരണ വകുപ്പിലെ അക്കൗണ്ടന്റ് ശ്രീ.സോണി.ബി.എൻ ഓപ്റ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും സ്റ്റേഷനുകളിൽ, പ്രത്യേകിച്ചും കൊല്ലം

നഗരപരിധിയിലെയോ സമീപത്തെയോ സൗകര്യപ്രദമായ സ്റ്റേഷനിൽ ഇനി ഒഴിവുണ്ടാകുന്ന ഒഴിവിലേക്ക് ടിയാന് സ്ഥലം മാറ്റം നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

7. മേൽ പ്രകാരം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
4.ശ്രീ.സോണി ബി എൻ , അക്കൗണ്ടന്റ് , കുമ്മിൾ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ , ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.185/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 02-11-2023 10:54:03